233106/2019/(J),DCKNR

Ph : 0490 2472768
Mob : 9496360966

COLLECTORATE
Date 05/12/19
KANNUR

# VIGIL
# MATTANNUR

An Agency of Social Impact Assessment
Office : " Sithara", Ayyappa Temple Road , Mattannur

തീയ്യതി 03/12/2019

സ്വീകർത്താവ്

ജില്ലാ കലക്ടർ
കണ്ണൂർ

C6

സാർ,

വിഷയം : - സാമൂഹ്യാഘാത പഠനം മുഴപ്പിലങ്ങാട് ബീച്ച് റിസോർട്ടിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് – കരട് റിപ്പോർട്ട് സമർപ്പിക്കുന്നത്.

സൂചന :- ജില്ലാ കലക്ടറുടെ 27/11/2019 ാം തീയ്യതിയത്തെ DCKNR/6635/2017 C6 നമ്പർ കത്ത്.

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിവരിച്ച പദ്ധതിയിലെ കരട് സാമൂഹ്യാഘാത പഠന റിപ്പോർട്ടും, പരിഹാര റിപ്പോർട്ടും ശുപാർശയും തുടർ നടപടിക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

ആത്മാർത്ഥതയോടെ

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂണിറ്റ്

ഉള്ളടക്കം

# കണ്ണൂർ താലൂക്ക് മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്

# കെ.ടി.ഡി.സി റിസോർട്ടിലേക്കുള്ള അപ്രോച്ച്

# റോഡ് നിർമ്മാണം

# മുഴപ്പിങ്ങാട് ഗ്രാമപഞ്ചായത്തിൽ സ്ഥലം

# ഏറ്റെടുക്കുന്ന പദ്ധതിയുടെ കരട്

# സാമൂഹ്യാഘാത പഠന റിപ്പോർട്ട്



വിജിൽ മട്ടന്നൂർ

1

## ഫോറം നമ്പർ 6
## ഉള്ളടക്കം


ഭാഗം – 1

1. പദ്ധതി സംബന്ധമായ വിവരണം
2. സാമൂഹ്യാഘാത പഠന യൂനിറ്റ്
3. ആവശ്യമായ ഭൂമി സംബന്ധമായ വിവരണം
4. പഠന വിഷയങ്ങളും പഠനോപാധികളും
5. കണ്ടെത്തലുകൾ

ഭാഗം – 2

സാമൂഹ്യാഘാതങ്ങൾ

ഭാഗം – 3

സാമൂഹ്യാഘാത പരിഹാരം

ഭാഗം – 4

ശുപാർശ

## I. പദ്ധതി സംബന്ധമായ വിവരണം

വടക്കൻ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് മുഴപ്പിലങ്ങാട് ബീച്ച്. ഇന്ത്യയിലെ തന്നെ ഏറ്റവും നീളം കൂടിയ ഡ്രൈവ് ഇൻ ബീച്ച് ആണ് മുഴപ്പിലങ്ങാട്. എൻ.എച്ച് 66 ന് സമാന്തരമായി കണ്ണൂരിനും തലശ്ശേരിക്കും ഇടയിലായി ഇത് സ്ഥിതി ചെയ്യുന്നു.

സ്വദേശത്ത് നിന്നും വിദേശത്ത് നിന്നും ധാരാളം സഞ്ചാരികൾ എത്തിച്ചേരുന്നുണ്ടെങ്കിലും ആവശ്യമായ താമസ സൗകര്യം ഇല്ല എന്നത് ഇവിടുത്തെ ഒരു പോരായ്മയാണ്. സ്വകാര്യ വ്യക്തികൾ നടത്തുന്ന ചില റിസോർട്ടുകൾ ആണ് സഞ്ചാരികൾക്ക് ഇപ്പോൾ താമസ സൗകര്യമൊരുക്കുന്നത്.

കേരള സർക്കാർ സ്ഥാപനമായ കെ.ടി.ഡി.സി സഞ്ചാരികൾക്ക് താമസവും മറ്റ് സൗര്യങ്ങളും ഒരുക്കുന്നതിന് വേണ്ടി മുഴപ്പിലങ്ങാട് ബീച്ചിന് സമീപത്തായി മൂന്നര ഏക്കർ സ്ഥലം ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഈ റോഡിന്റെ അലൈൻമെന്റിൽ ഉൾപ്പെട്ട ഒരു ചെറിയ സ്ഥലം പല കാരണങ്ങളാൽ ഇത് വരെ ഏറ്റെടുക്കാൻ പറ്റിയിട്ടില്ല. ഈ സ്ഥലവും കൂടി ഏറ്റെടുത്താൽ മാത്രമെ ബീച്ചിലേക്കുള്ള റോഡ് നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ.

പ്രസ്തുത ഭൂമി ഏറ്റെടുക്കാനുള്ള അനുമതി 6.12.18 ലെ ജി.ഒ.(Rt) നം.5222/17/RD, 20.12.17 ലെ ജി.ഒ.(Rt) 5470/17/RD പ്രകാരം നൽകി സർക്കാർ ഉത്തരവ് ആയിട്ടുണ്ട്.

12.5.17 ലെ കെ.ടി.ഡി.സി/സി എം/ മുഴപ്പിലങ്ങാട്/17 നമ്പർ കത്ത് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ കണ്ണൂർ ജില്ലാ കലക്ടർക്ക് സമർപ്പിച്ചു.

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് വിജിൽ മട്ടന്നൂർ എന്ന സാമൂഹ്യാഘാത പഠനയൂനിറ്റിനെ കണ്ണൂർ ജില്ലാ കലക്ടറുടെ 27.11.19 ലെ DC KNR/6635/17/C6 നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. നിയമന ഉത്തരവ് 27.11.19 ലെ 2906 നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## II. സാമൂഹ്യാഘാത പഠന യൂനിറ്റ്

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് വിജിൽ മട്ടന്നൂർ എന്ന യൂനിറ്റിനെ ആണ് കലക്ടർ നിയമിച്ചിട്ടുള്ളത്. സാമൂഹ്യാഘാത പഠന യൂനിറ്റിന്റെ ഘടന താഴെ പറയും പ്രകാരമാണ്.

1. മധുസൂദനൻ.എ ഡപ്യൂട്ടി കലക്ടർ (റിട്ട) ചെയർമാൻ
2. സരള.സി.ടി ഡപ്യൂട്ടി തഹസിൽദാർ (റിട്ട) മെമ്പർ

## III. ഇപ്പോൾ ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമിയിൽ ഒരു ഭാഗം മുഴപ്പിലങ്ങാട്

എ.കെ.ജി റോഡിൽ നിന്നും നിർദ്ദിഷ്ട റിസോർട്ടിലേക്ക് പോകുന്ന വഴിയിലും മറ്റൊരു ഭാഗം റിസോർട്ടിൽ നിന്നും ബീച്ചിലേക്ക് പോകുന്ന വഴിയിലും ആണ്.

**വസ്തുവിവരം താഴെ കൊടുക്കുന്നു**

| ക്രമ നമ്പർ | താലൂക്ക് | വില്ലേജ് ദേശം | സ.നമ്പർ | ഏകദേശ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1. | **കണ്ണൂർ** | **മുഴപ്പിലങ്ങാട്** | 154/1<br>258/4<br>ന്യൂ ഫീൽഡ് | 0.0405 | |

## IV. പഠന വിഷയങ്ങളും പഠനോപാധികളും

സാമൂഹ്യാഘാത പഠന യൂനിറ്റിന്റെ 28.11.19 ന് ചേർന്ന യോഗത്തിൽ പഠന വിഷയങ്ങളും പഠനോപാധികളും താഴെ പറയും പ്രകാരം തീരുമാനിച്ചു.

1. പദ്ധതിയുടെ സ്വഭാവം
2. പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമി മാത്രമാണോ ആവശ്യപ്പെട്ടിട്ടുള്ളത്.
3. ഈ ഭൂമി അല്ലാതെ പകരം ഭൂമി ലഭ്യമാണോ
4. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ കൃഷികൾ.
5. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ, കച്ചവട സ്ഥാപനങ്ങൾ
6. ഭൂമി ഉടമസ്ഥർ / താല്പര്യമുള്ളവർ.
7. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം.
8. പദ്ധതിയുടെ സാമൂഹ്യാഘാതങ്ങൾ.
9. പരിഹാര നിർദ്ദേശങ്ങൾ
10. പദ്ധതി സംബന്ധമായ മറ്റ് പ്രസക്ത വിഷയങ്ങൾ
11. പഠനോപാധികൾ

## V. കണ്ടെത്തലുകൾ

പഠനത്തിന്റെ ഭാഗമായി ബന്ധപ്പെട്ട സ്ഥലം സന്ദർശിച്ചു. വസ്തുവിൽ താല്പര്യമുള്ളവർ എന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായവരും പരിസരവാസികളുമായി സംസാരിച്ചു. ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പറുമായും മറ്റ് അധികാരികളുമായും സംസാരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിവിധ വശങ്ങളും കണ്ടെത്തലുകളും താഴെ പറയുന്നു.

### 1. പദ്ധതിയുടെ സ്വഭാവം

ഈ പദ്ധതി നടപ്പാക്കുന്നത് കേരള സർക്കാർ സ്ഥാപനമായ കെ.ടി.ഡി.സി ആണ്. ഈ പദ്ധതി പൂർണ്ണമായും പൊതു ഉപയോഗത്തിനുള്ളതാണ്. മേൽ സാഹചര്യത്തിൽ ഈ പദ്ധതി പൊതു സ്വഭാവത്തിലുള്ളതാണ് എന്ന് കാണുന്നു.

### 2. പദ്ധതിക്ക് ആവശ്യമുള്ള ഏറ്റവും കുറഞ്ഞ ഭൂമി മാത്രമാണോ ഏറ്റെടുക്കുന്നത്

ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചിട്ടുള്ളത്. നിർദ്ദിഷ്ട റോഡിന്റെ അലൈൻമെന്റിനുള്ളിലാണ് ഭൂമി സ്ഥിതിചെയ്യുന്നത്.

### 3. പകരം ഭൂമി ലഭ്യമാണോ

ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി സ്ഥിതി ചെയ്യുന്നത് നിർദ്ദേശിക്കപ്പെട്ട റോഡിന്റെ അലൈൻമെന്റിന് ഉള്ളിലാണ്. ഈ ഭൂമിക്ക് പകരം ഭൂമി ഏറ്റെടുക്കാൻ നിർവ്വാഹമില്ല.

### 4. കൃഷികൾ

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റീസ.154/1 ലെ ഭൂമിയിൽ താഴെ പറയുന്ന കൃഷികൾ ഉള്ളതായി കാണുന്നു.

| ക്രമ | കായ്ഫലം ഉള്ളത്/ ഇല്ലാത്തത് | എണ്ണം |
|---|---|---|
| 1 | തെങ്ങുകൾ | 5 എണ്ണം |

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ന്യൂ ഫീൽഡ് 258/4 ലെ ഭൂമിയിൽ യാതൊരു വിധ കൃഷികളും ഇല്ല എന്ന് കാണുന്നു.

5. കെട്ടിടങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, വീടുകൾ

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ വീടുകളോ മറ്റു കെട്ടിടങ്ങളോ കച്ചവട സ്ഥാനങ്ങളോ നിലവിൽ ഇല്ല.

6. ഭൂമിയുടെ ഉടമസ്ഥർ

പ്രാദേശിമായി നടത്തിയ അന്വേഷണത്തിൽ വസ്തുവിന് വ്യക്തമായ രേഖൾ കൈവശമുള്ള ആരും തന്നെ ഇല്ല എന്ന് കാണുന്നു. മുമ്പ് വസ്തു കൈകാര്യം ചെയ്തിരുന്നവരുടെ പേര് വിവരം പ്രാദേശിക അന്വേഷണ പ്രകാരം ലഭിച്ചത് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | വിലാസം | തൊഴിൽ |
|---|---|---|---|
| 1. | വാഴവളപ്പിൽ രവീന്ദ്രൻ | വാഴവളപ്പിൽ ഹൗസ് പി.ഒ.മുഴപ്പിലങ്ങാട് | സ്വന്തം |
| 2. | വാഴവളപ്പിൽ സുരേന്ദ്രൻ | വാഴവളപ്പിൽ ഹൗസ് പി.ഒ.മുഴപ്പിലങ്ങാട് | സ്വന്തം |
| 3. | വാഴവളപ്പിൽ ജയരാജൻ | വാഴവളപ്പിൽ ഹൗസ് പി.ഒ.മുഴപ്പിലങ്ങാട് | സ്വന്തം |
| 4. | വാഴവളപ്പിൽ ശോഭന | വാഴവളപ്പിൽ ഹൗസ് പി.ഒ.മുഴപ്പിലങ്ങാട് | സ്വന്തം |
| 5. | വാഴവളപ്പിൽ ഉഷാകുമാരി | വാഴവളപ്പിൽ ഹൗസ് പി.ഒ.മുഴപ്പിലങ്ങാട് | സ്വന്തം |
| 6. | സി.എം.ഹമീദ് | വി.പി.റോഡ് പി.ഒ.മുഴപ്പിലങ്ങാട് | സ്വന്തം |
| 7. | സി.എം.ആയിഷ | വി.പി.റോഡ് പി.ഒ.മുഴപ്പിലങ്ങാട് | സ്വന്തം |

ഭാഗം – 2

**സാമൂഹ്യാഘാതങ്ങൾ**

മേൽ ഭൂമി ഏറ്റെടുക്കുന്നത് കാരണം അഞ്ച് തെങ്ങുകൾ മുറിക്കേണ്ടി വരും എന്ന് കാണുന്നു. മറ്റ് കാര്യമായ യാതൊരു വിളകളും ഈ ഭൂമി ഏറ്റെടുക്കുന്നത് കാരണം നഷ്ടമാകുന്നില്ല. ഈ ഭൂമി ഏറ്റെടുക്കുന്നത് കാരണം പൊതുവഴികളോ പൊതുജന ഉപയോഗത്തിനുള്ള മറ്റു പുറമ്പോക്കുകളോ നഷ്ടപ്പെടുന്നില്ല. വീടുകളോ കെട്ടിടങ്ങളോ നഷ്ടപ്പെടുന്നില്ല. ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം കാര്യമായ യാതൊരു സാമൂഹ്യാഘാതങ്ങളും പ്രദേശത്തിന് ഉണ്ടാകുന്നില്ല എന്ന് കാണുന്നു.

ഭാഗം – 3

**പരിഹാര റിപ്പോർട്ട്**

ഈ പദ്ധതി നടപ്പാക്കുന്നത് മൂലം ചുരുക്കം തെങ്ങുകൾ നഷ്ടപ്പെടുന്നു എന്നല്ലാതെ എടുത്ത് പറയാവുന്ന കാര്യമായ ഒരു ആഘാതവും സൃഷ്ടിക്കപ്പെടുന്നില്ല. എന്നിരുന്നാലും ഈ മരങ്ങൾ റോഡ് അലൈൻമെന്റിന്റെ വശങ്ങളിൽ ആയതിനാൽ ആവശ്യമുണ്ടെങ്കിൽ മാത്രമെ മുറിച്ചു മാറ്റേണ്ടതുള്ളൂ.

ഭാഗം – 4

**ശുപാർശ**

ഈ പദ്ധതി കൊണ്ട് പ്രദേശത്തിനും സംസ്ഥാനത്തിനും പൊതുജനങ്ങൾക്കും ഉണ്ടാവുന്ന നേട്ടങ്ങൾ നിരവധിയാണ്. എന്നാൽ കോട്ടങ്ങൾ കാര്യമായി ഒന്നും ഇല്ല എന്നും കാണുന്നു. മേൽ സാഹചര്യത്തിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഈ പദ്ധതി നടപ്പാക്കാവുന്നതാണെന്ന് ഈ യൂനിറ്റ് ശുപാർശ ചെയ്യുന്നു.

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂനിറ്റ്

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂണിററ്